സംസ്ഥാനത്തെ ഗവേഷകർക്കും ശാസ്ത്രജ്ഞന്മാർക്കും മുഴുവൻ പ്രയോജനപ്രദമായ രീതിയിൽ ഒരു ഇലക്ട്രോണിക് റഫറൽ ലൈബ്രറി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

പ്രശസ്തരായ ഭാരതീയ ശാസ്ത്രജ്ഞരുടെ പ്രഭാഷണങ്ങൾ എല്ലാ മാസവും സംസ്ഥാനത്ത് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. മാനവീയം സാംസ്ക്കാരിക പരിപാടിയുടെ ഭാഗമായി ശാസ്ത്ര പ്രഭാഷണങ്ങളും ശാസ്ത്ര സംബന്ധിയായ വീഡിയോ ചിത്രങ്ങൾ നിർമ്മിച്ച് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും പ്രദർശിപ്പിക്കാനുള്ള പദ്ധതി പുതുതായി ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഗവേഷണ വിദ്യാർത്ഥികൾക്കായി 20 റിസർച്ച് ഫെലോഷിപ്പുകൾ വിവിധ വിഷയങ്ങളിൽ അടുത്ത സാമ്പത്തിക വർഷം മുതൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(ഡി) 'കാണുക വിശ്വസിക്കുക' എന്ന ആശയം പ്രചരിപ്പിക്കുന്നതിന് വിദ്യാലയങ്ങളിൽ ശാസ്ത്ര സാങ്കേതിക വകുപ്പ് നേരിട്ട് സയൻസ് ക്ലബ്ബുകൾ രൂപീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സയൻസ് ക്ലബ്ബുകൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഏഴ് സ്വതന്ത്ര ഗവേഷണ വികസന കേന്ദ്രങ്ങളാണ് ഇപ്പോൾ ഈ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നത്.

1. കേരള വനഗവേഷണ കേന്ദ്രം, പീച്ചി, തൃശൂർ.
2. ജലവിഭവ വികസന വിനിമയ കേന്ദ്രം, കോഴിക്കോട്.
3. ഭൗതീക ശാസ്ത്രപഠന കേന്ദ്രം, ആക്കുളം, തിരുവനന്തപുരം.
4. ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പാലോട്, തിരുവനന്തപുരം.
5. നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (നാറ്റ്പാക്ക്), തിരുവനന്തപുരം.
6. ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനെർട്ട്), തിരുവനന്തപുരം.
7. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ജഗതി, തിരുവനന്തപുരം.

ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം സർക്കാർ വിലയിരുത്താറുണ്ട്.

(എഫ്) ഓരോ സ്ഥാപനവും ശാസ്ത്രസാങ്കേതിക മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

സർക്കാർ ആശുപത്രികൾക്ക് ആവശ്യമുള്ള മരുന്നുകളും ഭക്ഷ്യവസ്തുക്കളും വിതരണം ചെയ്യുന്നതിനുള്ള അധികാരം സിവിൽ സപ്ലൈസ് വകുപ്പിന് നൽകാൻ നടപടി

20 (*320) ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. അലി ഹസ്സൻ :

ശ്രീമതി എൻ.കെ. രാധ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് ആവശ്യമുള്ള മരുന്നുകളും ഭക്ഷ്യ വസ്തുക്കളും വിതരണം ചെയ്യുന്നതിനുള്ള അധികാരം സംസ്ഥാന സിവിൽ സപ്ലൈസ് വകുപ്പിന് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി എന്തൊക്കെ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വസ്തുക്കളുടെ വിതരണം സ്വകാര്യ കരാറുകൾ നടത്തി വരുന്നതുമൂലമുണ്ടായിക്കൊണ്ടിരിക്കുന്ന ക്രമക്കേടുകളും അഴിമതികളും കണക്കിലെടുത്ത് വിതരണം പൂർണ്ണമായും സിവിൽ സപ്ലൈസ് വകുപ്പിനെ ഏൽപ്പിക്കുന്നതിനുള്ള നടപടി എന്നത്തേക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലേക്കാവശ്യമുള്ള സർജിക്കൽ ഉൾപ്പെടെയുള്ള ഉപകരണങ്ങളുടെ വാങ്ങൽ കുറ്റമറ്റ രീതിയിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(ഇ) സർക്കാർ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മറ്റ് നടപടികൾ എന്തൊക്കെയാണ്?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) ഇപ്രകാരം ഒരു തീരുമാനം എടുത്തിട്ടില്ല. എന്നാൽ കോഴിക്കോട്, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള ആശുപത്രികളിൽ ഭക്ഷ്യസാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നാണ് ഇപ്പോൾ വാങ്ങുന്നത്.

(ബി)&(സി) ഉദിക്കുന്നില്ല.

(ഡി) സ്റ്റോർ പർച്ചേസ് റൂൾസ് അനുസരിച്ചാണ് സർജിക്കൽ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സർക്കാർ ആശുപത്രികളിൽ വാങ്ങുന്നത്. ഈ സംവിധാനം ഏറെക്കുറെ കുറ്റമറ്റതാണ്.

(ഇ) മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നുണ്ട്. ധനലഭ്യതയ്ക്കനുസരിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കാനുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചുവരുന്നു. ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. മരുന്നിന്റെ സംഭരണവും വിതരണവും കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. വാർഡ് ഫാർമസി എല്ലാ മെഡിക്കൽ കോളേജുകളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടികൾ പൂർത്തിയാകുന്നതോടെ മരുന്ന് വിതരണം കൂടുതൽ കാര്യക്ഷമമാകും. സാധാരണയായി വേണ്ട ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ട്. അത്യാധുനിക ഉപകരണങ്ങളായ കാത്ത് ലാബ്, ഹൃദയ ശസ്ത്രക്രിയ നടത്തുന്നതിനുള്ള ഉപകരണങ്ങൾ, ഡയാലിസിസ് മെഷീൻ, റീനൽ ട്രാൻസ്പ്ലാന്റേഷനു വേണ്ടിയുള്ള ഉപകരണങ്ങൾ, ലാപ്രോസ്കോപ്പ് മുതലായവ മെഡിക്കൽ കോളേജുകളിൽ ഘട്ടം ഘട്ടമായി ലഭ്യമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly